(ഡി) സഹകരണ മെഡിക്കൽ കോളേജുകളുടെ തീരുമാനപ്രകാരം ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ പരീക്ഷാ കൺട്രോളറായി അംഗീകരിക്കുകയും അദ്ദേഹം പരീക്ഷ നടത്തുന്നതിനുള്ള അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ വ്യവസായം തുടങ്ങാനുള്ള സഹായം

*11 [87] *ശ്രീ. ലൂഡി ലൂയിസ്:*

,, *എ. സുജനപാൽ:*

,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും എന്തെല്ലാം പുതിയ വ്യവസായം തുടങ്ങാൻ കഴിയുമെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഈ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് വ്യവസായം തുടങ്ങാൻ തയ്യാറുള്ളവർക്ക് എന്തെല്ലാം സഹായം നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയനുസരിച്ച് തുടങ്ങുന്ന വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാൻ എന്തെല്ലാം സഹായം നൽകുമെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും അതാതു ജില്ലയിലെ വിഭവ ലഭ്യതയും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്ത് ആരംഭിക്കുവാൻ കഴിയുന്ന വ്യവസായങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഈ പട്ടികയിൻപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന 1500 വ്യവസായങ്ങളുടെയും കൂടാതെ സ്വയംതൊഴിൽ പദ്ധതിപ്രകാരം തുടങ്ങാവുന്ന 151 സംരംഭങ്ങളുടെയും പ്രോജക്ട് പ്രൊഫൈൽസ് വ്യവസായ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിൽ നൽകുന്ന സഹായങ്ങൾക്കു പുറമെ വ്യവസായ വകുപ്പിന്റെ പുതിയ പദ്ധതിയായ 'പ്രത്യാശ'യിൽക്കൂടി സംരംഭകർക്കാവശ്യമായ സാങ്കേതിക ഉപദേശവും വിദഗ്ദ്ധ പരിശീലനവും നൽകുകയും പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, വ്യാവസായികാവശ്യത്തിനുവേണ്ട തദ്ദേശ സ്വയംഭരണ/സംസ്ഥാന സർക്കാർ വക സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ നൽകുകയും ചെയ്യുന്നു. നിലവിലുള്ള സഹായങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

† അനുബന്ധം III

GPM. 2/573/2012—6

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വ്യവസായമേഖലയ്ക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഒരു വിപണന വികസന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. മൂലധന സബ്സിഡിയായും മാർജിൻമണി വായ്പയായും സാമ്പത്തികസഹായം നൽകുന്നു. കൂടാതെ, സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുവാൻവേണ്ടി അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി അന്യസംസ്ഥാനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിലയ്ക്കുമേൽ 15% വിലവ്യത്യാസം അനുവദിച്ച് നൽകിവരുന്നു. വ്യവസായ വകുപ്പിൽനിന്നും ചെറുകിട വ്യവസായ രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യവസായ യൂണിറ്റുകളെ മറ്റു ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിലേക്ക് ടെൻഡറുകൾ സമർപ്പിക്കുന്ന അവസരത്തിൽ സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്കു വിധേയമായി നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിൽനിന്നും ഒഴിവാക്കുവാൻവേണ്ടി വകുപ്പിൽനിന്നും സർട്ടിഫിക്കറ്റ് നൽകിവരുന്നു. വ്യവസായ വകുപ്പിൽനിന്നും ചെറുകിട വ്യവസായ രജിസ്ട്രേഷൻ എടുത്തിട്ടുള്ള യൂണിറ്റുകളെ കോൺട്രാക്ട് സ്ഥിരപ്പെടുത്തുന്ന അവസരത്തിൽ സ്റ്റോർ പർച്ചേസ് മാനുവലിനു വിധേയമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവയ്ക്കുന്നതിൽനിന്നും ഒഴിവാക്കുവാൻവേണ്ടി വകുപ്പിൽനിന്നും സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.

ധാതുമണൽ ഖനനം

*12 [89] *ശ്രീ. എൻ. രാജൻ:*
,, *കെ. പി. രാജേന്ദ്രൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ ഖനനം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കരിമണൽ ഖനനത്തെക്കുറിച്ച് തെളിവെടുപ്പ് നടത്താനും പഠനം നടത്താനും ചുമതലപ്പെടുത്തിയ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ഡി) ഈ കമ്മീഷനിൽ ശാസ്ത്ര സാങ്കേതിക പ്രായോഗിക പരിജ്ഞാനമുള്ള വ്യക്തികൾ ആരൊക്കെയാണ് അംഗങ്ങളായി ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ചോദ്യകർത്താവ് എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ 88-ാം നമ്പർ ചോദ്യം റദ്ദാക്കി.)

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കൊല്ലം (വനിത)	1. ഇലക്ട്രോണിക്സ്/ മെക്കാനിക്	നെറ്റ്വർക്ക് ടെക്നീഷ്യൻ
	2. സ്റ്റെനോ (ഹിന്ദി)	ഡാറ്റാ എൻട്രി ഓപ്പറേറ്റർ
	3. സെക്രട്ടേറിയൽ പ്രാക്ടീസ്	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്
ചാക്ക	എഫ്. എച്ച്. ടി.	നെറ്റ്വർക്ക് ടെക്നീഷ്യൻ
ധനുവച്ചപുരം	1. ഫൗണ്ട്രിമാൻ	ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
	2. എഫ്. എച്ച്. ടി.	ഡ്രൈവർ-കം-മെക്കാനിക്

3. **മികവിന്റെ കേന്ദ്രങ്ങൾ**

ഐ. ടി. ഐ.യുടെ പേര്	*കോഴ്സ്*
കളമശ്ശേരി	ആട്ടോമൊബൈൽ
ചാക്ക	ആട്ടോമൊബൈൽ
ചന്നനത്തോപ്പ്	ആട്ടോമൊബൈൽ
ചാലക്കുടി	സി. എൻ. സി. ടെക്നോളജി
ഏറ്റുമാനൂർ	സി. എൻ. സി. ടെക്നോളജി

അനുബന്ധം—III

[8-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *11 (87)-ന്റെ ഉത്തരം ദയവായി കാണുക]

നിലവിൽ വ്യവസായവകുപ്പ് നൽകുന്ന സഹായങ്ങൾ

1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി
2. മാർജിൻമണി വായ്പ
3. സാങ്കേതികവിദ്യാ വികസനനിധി
4. വിപണന പദ്ധതി/വിപണന പ്രചോദനം
5. പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

6. വ്യവസായത്തിന് വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും

7. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ഗ്രീൻചാനൽ കൗണ്ടറുകളും ഏകജാലക ക്ലിയറൻസ് ബോർഡും പ്രവർത്തിക്കുന്നു

8. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നു

9. എക്സൈസ് നികുതി ഇവ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നു

10. റിസർച്ച് നടത്തുന്നതിന് ധനസഹായം.

അനുബന്ധം—IV

[8-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *13 (89)-ന്റെ ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

INDUSTRIES—MINERAL SAND MINING POLICY AND PROCEDURES—ORDERS ISSUED

INDUSTRIES (A) DEPARTMENT

G. O. (Ms.) No. 101/02/ID. *Dated, Thiruvananthapuram, 22nd October, 2002.*

Read:—Government of India Gazette Extraordinary Notification No. 8/1(1) 97-PSU/1422, dated 6-10-1998.

ORDER

The Atomic Minerals Directorate for Exploration and Research under the Department of Atomic Energy, Government of India has carried out detailed Exploration in the coastal areas of Kollam and Alappuzha Districts of the State and found that the mineral sand that occurs between Neendakara and Kayamkulam Bar (Chavara barrier beach and the eastern extension) over a length of 22 KM with a width of 225 metres is one of the best of its kind in the world, because of the high Titanium Dioxide content in the mineral Ilmenite. The reserve of Total Heavy Mineral (THM) in Chavara barrier beach is 127 million tons with Ilmenite content of 80 million tons

LIBRARY ARCHIVES Kerala Legislative Assembly